**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701** **09-06-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യതൊഴിലാളികളുടെ ദുരിതം അകറ്റുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു.എ.ലത്തീഫ്** | | **Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ശക്തമായ കടലാക്രമണവും മറ്റ് പ്രതികൂല സാഹചര്യങ്ങളും നിമിത്തം മത്സ്യത്തൊഴിലാളികളുടെ ജീവിതം വളരെ പ്രതിസന്ധിയിലാണെന്ന് കരുതുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യ ഘട്ടം എന്നിവയാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ 2020-21 ൽ അനുവദിച്ച നൽകി. കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2000/- രൂപ വീതവും കോവിഡ് 19 മൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1000/- രൂപ വീതവും ഉൾപ്പെടെ ആണ് 36.12 കോടി രൂപ ധനസഹായം അനുവദിച്ചത്. 2,07,104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ടൗട്ടെ ചുഴലിക്കാറ്റ് മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കടലിൽ പണിയെടുക്കുന്നവർക്കും അനുബന്ധ തൊഴിലാളികൾക്കും വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറു ദിവസങ്ങളിലേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഓരോ മത്സ്യത്തൊഴിലാളിക്കും 1200 രൂപ വീതം ആകെ 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 157573 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ഗഡുവായി മെയ് മാസത്തിൽ 22.49 കോടി രൂപ വിതരണം ചെയ്തു. കാലാവസ്ഥ മുന്നറിയിപ്പ്, കോവിഡ് എന്നിവ മൂലം ദുരിതം അനുഭവിക്കുന്ന തീരദേശ സമൂഹത്തിനായി ഭക്ഷ്യ സാധനങ്ങളും മാസ്ക്, സാനിട്ടൈസർ |

| | | | |
|---|---|---|---|
| | | | എന്നിവ ഉൾപ്പെടെ 20 ഇനങ്ങളുടെ കിറ്റ് റേഷൻ കടകൾ വഴി നൽകുന്നതിന് നടപടി സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ